"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

# സ്റ്റോഴ്സ് പർച്ചേസ് (എ) വകുപ്പ്

## സർക്കുലർ

നമ്പർ SPD-A3/55/2022/SPD *തിരുവനന്തപുരം, തീയതി 2023 ഫെബ്രുവരി 2.*

<u>വിഷയം</u>:—സ്റ്റോഴ്സ് പർച്ചേസ് വകുപ്പ്—ഫർണിച്ചറുകളുടെ പൊതുസമാഹരണം— ക്വട്ടേഷൻ/ടെൻഡർ നടപടികൾ കൃത്യമായി പാലിക്കുന്നത്— സംബന്ധിച്ച്

<u>സൂചന</u>:— (1) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് I-ന്റെ 13-5-2022-ലെ VE 02/2019/SIU-I നമ്പർ ഫോർവേഡിംഗ് എൻഡോഴ്സ്മെന്റ്.

(2) 14-10-2022-ലെ വ്യവസായ (എഫ്) വകുപ്പിന്റെ F2/389/2022/ID നമ്പർ കത്ത്.

വിവിധ വകുപ്പുകളിൽ ഫർണിച്ചർ പർച്ചേസ്/വിതരണം എന്നിവ സ്റ്റോഴ്സ് പർച്ചേസ് മാനദണ്ഡങ്ങൾ പാലിക്കാതെയാണ് നടക്കുന്നത് എന്ന പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ നിരവധി അപാകതകൾ വകുപ്പുകൾ വരുത്തുന്നതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകളുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

സ്റ്റോഴ്സ് പർച്ചേസ് വകുപ്പിൽ നിന്നും ടെണ്ടർ ഇളവ് അനുവദിച്ച് നൽകിയിട്ടില്ലാത്ത എല്ലാ ഉല്പന്നങ്ങളും (സ്ഥാപനം സ്വന്തമായി നിർമ്മിച്ചതാണെങ്കിലും അല്ലെങ്കിലും) സ്റ്റോഴ്സ് പർച്ചേസ് മാന്വൽ നിഷ്കർഷിച്ചിരിക്കുന്ന മത്സര സ്വഭാവത്തിലൂടെയുള്ള ക്വട്ടേഷൻ/ടെണ്ടർ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമായിരിക്കണം പൊതുസംഭരണം നടത്തേണ്ടത്. ഇപ്രകാരമല്ലാതെ നടത്തുന്ന എല്ലാ പൊതുസംഭരണങ്ങളും ക്രമവിരുദ്ധമായി കണക്കാക്കി ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

**ബിശ്വനാഥ്സിൻഹ,**

*അഡീഷണൽ ചീഫ് സെക്രട്ടറി.*

പകർപ്പ് :—

എല്ലാ വകുപ്പ് തലവൻമാർക്കും/ഓഫീസുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/സ്വാശ്രയ സ്ഥാപനങ്ങൾ മുതലായവയ്ക്ക്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഗ്രാമ വികസന കമ്മീഷൻ (എല്ലാ ബ്ലോക്ക് പഞ്ചായത്തുകളേയും അറിയിക്കുന്നതിന്)

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എല്ലാ ഗ്രാമ പഞ്ചായത്തുകളേയും അറിയിക്കുന്നതിന്)

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും

സി-ഡിറ്റ്, ചിറ്റാഴം, ലാവണ്യ ബിൽഡിംഗ്സ്, SMSM ഇൻസ്റ്റിറ്റ്യൂട്ടിന് പിറകുവശം, സ്റ്റാച്യൂ, തിരുവനന്തപുരം (സ്റ്റോഴ്സ് പർച്ചേസ് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

---